# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

### എൻഡോസൾഫാൻ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T.4061      03.02.2014 - ൽ മറുപടിയ്ക്ക്

ചോദ്യം      ഉത്തരം

| | ശ്രീമതി. ഗീതാ ഗോപി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | എൻഡോസൾഫാൻ ബാധിതരുടെ ദുരിതങ്ങൾ പരിഹരിക്കുവാൻ മനുഷ്യാവകാശ കമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; | എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ ദുരിതങ്ങൾ പരിഹരിക്കുവാൻ ദേശീയ മനുഷ്യാവകാശ കമ്മീഷൻ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) | കമ്മീഷന്റെ നിർദ്ദേശങ്ങൾ ഏതെങ്കിലും പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) യും സി) യും | ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവർക്കും, എൻഡോസൾഫാൻ തളിച്ച് തുടങ്ങിയതിനു ശേഷം ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും മറ്റ് ശാരീരിക വൈകല്യങ്ങൾ ഉള്ളവർക്ക് 3 ലക്ഷം രൂപാ വീതവും നഷ്ടപരിഹാരം അനുവദിക്കുന്നതിനായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ നൽകിയിരുന്നു. മനുഷ്യാവകാശ കമ്മീഷൻ ശുപാർശകൾ പൂർണ്ണമായി അംഗീകരിക്കുവാനും നടപ്പിലാക്കാനും സർക്കാർ തീരുമാനിച്ചിരുന്നു. ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നതിന് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നില്ല. എന്നാൽ ആയവർക്ക് കൂടി 3 ലക്ഷം രൂപ ധനസഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. |
| സി) | കമ്മീഷൻ ശുപാർശകൾ ഏതെങ്കിലും പരിഗണിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്നും എന്തുകൊണ്ട് പരിഗണിച്ചില്ലെന്നും വ്യക്തമാക്കുമോ; | | |

**<u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് അനുവദിച്ച പ്രത്യേക ധനസഹായം - വിശദവിവരങ്ങൾ</u>**

| കാറ്റഗറി | എണ്ണം | അനുവദിച്ച തുക | ആകെ തുക |
|---|---|---|---|
| പൂർണ്ണമായും കിടപ്പിലായവർ | 200 | 1,50,000 | 3,00,00,000 |
| ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 916 | 1,50,000 | 13,74,00,000 |
| ശാരീരിക വൈകല്യമുള്ളവർ | 795 | 1,00,000 | 7,95,00,000 |
| കാൻസർ രോഗികൾ | 323 | 1,00,000 | 3,23,00,000 |
| ആകെ | 2234 | 5,00,000 | 27,92,000,00 |

**<u>എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് പ്രത്യേക ധനസഹായം - വിശദവിവരങ്ങൾ</u>**

| ദുരിതബാധിതരുടെ എണ്ണം | ആനുവദിച്ച തുക | ആകെ തുക |
|---|---|---|
| 607 | 1.5 ലക്ഷം വീതം | 9,10,50,000 (9.105 കോടി രൂപ) |

| | | | |
|---|---|---|---|
| ഡി) | എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സ്വീകരിച്ച ആശ്വാസ നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ? | ഡി) | • എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിട്ടുള്ള സമഗ്രമായ ദുരിത നിവാരണ പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.<br>• എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരളസോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം പ്രതിമാസ പെൻഷൻ അനുവദിച്ച നൽകുന്നുണ്ട്. കിടപ്പിലായവർക്ക് ദൈനംദിനകാര്യങ്ങൾക്ക് പരസഹായം വേണ്ടവർക്കും 2000 രൂപ വീതവും മറ്റുള്ളവർക്ക് 1000 രൂപ വീതവും ആണ് പ്രതിമാസ പെൻഷനായി നൽകി വരുന്നത്.<br>• 17 ഹോസ്പിറ്റലിൽ നിന്ന് |

| | | | |
|---|---|---|---|
| | | | എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യമായി വിദഗ്ധ ചികിത്സ നൽകി വരുന്നു.<br>• എൻഡോസൾഫാൻ ദുരിതബാധിതരായ മുഴുവൻ കുടുംബങ്ങൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്.<br>• എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളുടെ എപിഎൽ റേഷൻ കാർഡ് ബിപിഎൽ കാർഡായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>• പരസഹായം കൂടാതെ ജീവിക്കാൻ കഴിയാത്ത എൻഡോസൾഫാൻ ദുരിതബാധിതരെ ശുശ്രൂഷിക്കുന്ന ഒരാൾക്ക് ആശ്വാസകിരണം പദ്ധതിമുഖേന നൽകി വരുന്ന പ്രതിമാസ പെൻഷൻ 400 രൂപയിൽ നിന്ന് 700 രൂപ ആക്കി ഉയർത്തിയിട്ടുണ്ട്.<br>• നിലവിൽ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവരും എന്നാൽ പ്രഥമദൃഷ്ട്യാ ദുരിതബാധിതരെന്നു കണ്ടെത്തിയവരുമായ രോഗികൾക്ക് എംപാനൽഡ് ആശുപത്രികളിൽ ഉൾപ്പെടെ സൗജന്യ ചികിത്സ അനുവദിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു പ്രത്യേക കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതുവരെയായി 41 പേർക്ക് ഇപ്രകാരം ചികിത്സ അനുവദിച്ചിട്ടുണ്ട്.<br>• 11 ഗ്രാമ പഞ്ചായത്തുകളിലും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി 'മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തി.<br>• വിദഗ്ധ ചികിത്സ ആവശ്യമുള്ള ദുരിത ബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിനായി 11 ദുരിതബാധിത പഞ്ചായത്തുകളിലും വാഹന സൗകര്യം ഏർപ്പെടുത്തി.<br>• ദുരിതബാധിതരുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി 11 ഗ്രാമ പഞ്ചായത്തുകളിലും പ്രത്യേകം സൂപ്പർവൈസർ / സ്റ്റാഫ് നേഴ്സ് / ജൂനിയർ |

| | | | |
|---|---|---|---|
| | | | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരെ നിയമിച്ചു.<br>• മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി ജില്ലയിൽ 7 ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ ആരംഭിച്ചു. പ്രസ്തുത സ്കൂളുകൾക്ക് വാഹനസൗകര്യം ഏർപ്പെടുത്തി.<br>• ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ ബഡ്സ് സ്കൂളിലെ ജീവനക്കാർക്ക് 1500 രൂപ അധിക വേതനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>• എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾക്ക് 31.03.2014 വരെ മോറട്ടോറിയം ഏർപ്പെടുത്തി.<br>• ദുരിതബാധിതരുടെ കടങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി കമ്മിറ്റി രൂപീകരിച്ചു.<br>• ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശപ്രകാരമുള്ള ധനസഹായം ലഭിക്കാത്ത ദുരിതബാധിതരുടെ കാര്യത്തിൽ പരിശോധനയ്ക്ക് വിധേയമായി അർഹത തീരുമാനിക്കുന്നതിനായി ഡോ. അരവിന്ദൻ ചെയർമാനായി കമ്മിറ്റി രൂപീകരിച്ചു.<br>• എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളിലെ പ്ലസ് 2 വരെയുള്ള വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന സ്കോളർഷിപ്പ് അനുവദിച്ചു വരുന്നുണ്ട്.<br>• 11 ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്സി കളിലും ഫിസിയോതെറാപ്പി യൂണിറ്റ് ആരംഭിച്ചു.<br>• ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഡയാലിസിസ് സെന്റർ തേജസ്വിനി ആരോഗ്യപദ്ധതിയിൽ ഉൾപ്പെടുത്തി കാസറഗോഡ് ജനറൽ ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചു.<br>• മെയിന്റനൻസ് ചെലവ് വഹിക്കാമെന്ന് അറിയിച്ച 7 ദുരിതബാധിത പഞ്ചായത്തുകൾക്ക് ആംബുലൻസ് |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>• ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാൻ ജസ്റ്റിസ് സി.എൻ രാമചന്ദ്രൻ നായർ ചെയർമാനായി കമ്മിറ്റി രൂപീകരിക്കുകയും കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>• എൻഡോസൾഫാൻ ദുരിതബാധിതർക്കായി നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമഗ്രമായ പുനരധിവാസ പദ്ധതികൾ വിവരിക്കുന്ന കൈപുസ്തകം പ്രസിദ്ധീകരിച്ചു.<br>• ജില്ലയിലെ ഗോഡൗണുകളിൽ സൂക്ഷിച്ചിരിക്കുന്ന എൻഡോസൾഫാൻ കീടനാശിനി യു.എൻ അംഗീകൃത ബാരലുകളിലേക്ക് മാറ്റിയിട്ടുണ്ട്. പ്രസ്തുത കീടനാശിനി നിർവീര്യമാക്കുന്നത് സംബന്ധിച്ച അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ